മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ഇന്ന് നന്ദി പ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് ചെയറിന് മുൻകൂട്ടി എഴുതി നൽകിയതിനുശേഷം ചില അഴിമതി ആരോപണങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. ഉന്നയിക്കപ്പെട്ട ആരോപണങ്ങൾക്ക് മറുപടി പറയാൻ അവസരം നൽകണമെന്ന് അഭ്യർത്ഥിച്ച് ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചെയറിന് കത്ത് നൽകിയിരുന്നു. സഭയുടെ കീഴ്വഴക്കങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിക്ക് മറുപടി പറയാൻ ഇപ്പോൾ അവസരം നൽകുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സാധാരണയായി നയപ്രഖ്യാപന പ്രസംഗത്തിന്റെ മറുപടി പ്രസംഗം മുഖ്യമന്ത്രി നടത്തുന്നതിന് മുമ്പ് വിവിധ വകുപ്പുകളെ സംബന്ധിച്ച പരാമർശങ്ങൾ നയപ്രഖ്യാപന ചർച്ചയിൽ വന്നിട്ടുണ്ടെങ്കിൽ അതിന് വിവിധ വകുപ്പിന്റെ മന്ത്രിമാർ മുഖ്യമന്ത്രി സംസാരിക്കുന്നതിനുമുമ്പ് മറുപടി പറയുന്നൊരു കീഴ്വഴക്കമാണ് ഈ സഭയിലുള്ളത്. അല്ലാതെ അതാത്

ദിവസം നയപ്രഖ്യാപന പ്രസംഗത്തിന്റെ ചർച്ചാവേളയിൽ ഉയരുന്ന ആരോപണങ്ങൾക്കും ആക്ഷേപങ്ങൾക്കും........ ഇന്ന് പല വകുപ്പുകളെക്കുറിച്ചും പറയുന്നുണ്ട്. അതാത് ദിവസം പറയുന്നൊരു കീഴ്‌വഴക്കം ഇവിടെയുണ്ട്. കീഴ്‌വഴക്കത്തെ സംബന്ധിച്ച് പറഞ്ഞതുകൊണ്ട് മാത്രമാണ് ഞാൻ സൂചിപ്പിച്ചത്. കീഴ്‌വഴക്കം നയപ്രഖ്യാപന പ്രസംഗത്തിന്റെ ചർച്ച കഴിഞ്ഞ് അവസാനം മുഖ്യമന്ത്രി സംസാരിക്കുന്നതിനുമുമ്പ് ഏതെങ്കിലും മന്ത്രിമാർ അവരവരുടെ വകുപ്പുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മറുപടി പറയാനുണ്ടെങ്കിൽ മറുപടി പറയുന്നൊരു കീഴ്‌വഴക്കമാണ് സഭയിലുള്ളതെന്ന് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങ് ഇക്കാര്യത്തിൽ ചൂണ്ടിക്കാണിച്ചത് ശരിയാണ്. നേരത്തെ സഭയിൽതന്നെ അങ്ങയുടെ മുൻഗാമിയായ ബഹുമാന്യനായ ഒരു സ്പീക്കർ ഇക്കാര്യത്തിൽ റൂളിംഗ് നൽകിയിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പ്രശ്നം ഉന്നയിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് സംബന്ധിച്ച് മറുപടി പറഞ്ഞു. ഇതിനെക്കുറിച്ച് നേരത്തെയുള്ള റൂളിംഗുകൾ പരിശോധിച്ചിരുന്നു. 1988

മാർച്ച് 21-ന് സ്പീക്കർ ഈ സഭയിൽ നൽകിയിട്ടുള്ള റൂളിംഗ് ഉണ്ട്. വിശദമായി പറയുന്നില്ല, അതിന്റെ പ്രസക്തമായ ഭാഗം മാത്രം വായിക്കാം. ഇതുസംബന്ധിച്ചുള്ള നടപടി ക്രമങ്ങളെന്താണെന്ന് ചെയർ പരിശോധിച്ചു. 'ശക്തർ ആൻഡ് കൗൾ'-ൽ ഉള്ള നടപടിക്രമം വായിക്കാം. "When an allegation is made against a Minister or member, it is for that Minister or member to take any course of action to refute the allegation. A Minister may be permitted to refute then and there allegations made against him in his capacity as a Minister without being required to furnish written text of the statement to be made by him." അതിന്റെ അടിസ്ഥാനത്തിൽ അപ്പോൾത്തന്നെ അന്ന് മറുപടി പറയാൻ മന്ത്രിയെ അനുവദിച്ചുകൊണ്ടുള്ള റൂളിംഗാണ്.